# ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മാനാഞ്ചിറ കോഴിക്കോട്

## ഫോൺ 04952720012

## അപേക്ഷ ഫോറം

ടെൻഡർനമ്പർ04 /DTPC/KKD/TDR/22

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സാൻഡ്ബാങ്ക്സ് കഫെറ്റീരിയ കംഫേർട്സ്റ്റേഷൻ എന്നിവ നിലവിലുള്ള സ്ഥിതിയിൽ രണ്ടു വർഷത്തേക്കുനടത്തുന്നതിനുള്ള ടെണ്ടർ ഫോറം.

ടെണ്ടർ ഫോറത്തിന്റെ വില : Rs 2950/-
നിരതദ്രവ്യം : Rs 50,000/-
ടെണ്ടർ ഫോം വിൽക്കുന്ന തിയ്യതി: 30.03.23 മുതൽ 11.04.23 01.00 PM
ടെണ്ടർഫോംസ്വീകരിക്കുന്നതിയ്യതി:: 12.04.23 01.00 PM
ടെണ്ടർ തുറക്കുന്ന സമയം : 12.04.23 മൂന്ന്മണി (03:00PM)

1. അപേക്ഷകന്റെ/ഏജൻസിയുടെ പേര് :
2. അപേക്ഷകന്റെ/ഏജൻസിയുടെ :
   പൂർണമായമേൽവിലാസം
   ഫോൺനം,ഐഡികാർഡ്:
3 . (a)അപേക്ഷകൻ ആണെങ്കിൽ
   വയസ്സ്:
   വിദ്യാഭ്യാസ യോഗ്യത:
   (b)ഏജന്സിയാണെങ്കിൽ :
   രജിസ്ട്രേഷൻ നമ്പറും തിയ്യതിയും
4. പ്രവൃത്തി പരിചയം സംബന്ധിച്ച വിവരങ്ങൾ :
5. നിരതദ്രവ്യം വിവരങ്ങൾ
   1. തുക :
   2.ബാങ്കിന്റെ പേര്:
   3.ഡ്രാഫ്റ്റ്നം :
6. പ്രതിമാസം നല്കാൻ തയ്യാറുള്ള തുക
   ( എല്ലാ നികുതികളും ഉൾപ്പടെ)
   അക്കത്തിൽ:
   അക്ഷരത്തിൽ:

## സത്യപ്രസ്താവന

ടെണ്ടർ ഫോറത്തോട് അനുബന്ധിച്ചു ഉൾക്കൊള്ളിച്ചിരിക്കുന്ന നിബന്ധനകളും ഡിടിപിസി സമയാസമയങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളും അനുസരിച്ചു സാൻഡ്ബാങ്ക്സ് കഫെറ്റീരിയ & കംഫേർട്സ്റ്റേഷൻ എന്നിവ നിലവിലുള്ള അവസ്ഥയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തിക്കൊണ്ടു പോകാൻ തയ്യാറാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| | | |
|---|---|---|
| സ്ഥലം: | അപേക്ഷകന്റെ പേര് | സെക്രട്ടറി |
| തിയ്യതി: | ഒപ്പ് | ഡിടിപിസി |

കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിൽ സാൻഡ്ബാങ്ക്സ് കഫ്റ്റീരിയ & കംഫർട് സ്റ്റേഷൻ എന്നിവ നിലവിലുള്ള അവസ്ഥയിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി രണ്ടു വർഷത്തേക്ക് നടത്തുന്നതിന് പാലിക്കേണ്ടുന്ന നിബന്ധനകൾ

1. കരാർ കാലാവധി രണ്ടു വർഷമായിരിക്കും
2. ഡി.ടി.പി.സി ഓഫീസിൽ നിന്നും 2950/- (രണ്ടായിരത്തി തൊള്ളായിരത്തി അമ്പത് രൂപ) അടച്ച്വാങ്ങുന്ന ഫോറത്തിൽ മാത്രമേടെണ്ടർ അപേക്ഷിക്കാവൂ.
3. ടെണ്ടർ ഫോറത്തോടൊപ്പം 50,000/- (അമ്പതിനായിരം രൂപയുടെ) നിരതദ്രവ്യം ജില്ലാ കലക്ടർ, ഡി.ടി.പി.സി ചെയർമാന്റെ പേരിൽ എസ്.ബി.ഐ മലാപ്പറമ്പ് ശാഖയിൽ മാറാവുന്ന വിധം ഡി.ഡി രൂപത്തിൽ സമർപ്പിക്കണം. ടെണ്ടർ ഫോമിനോടൊപ്പം പാൻകാർഡ് ,ഐഡി കാർഡ് എന്നിവയുടെ കോപ്പി അടക്കം ചെയ്യേണ്ടതാണ്.
4. ഒരാളുടെ പേരിൽ ഒന്നിൽ കൂടുതൽ ടെണ്ടർ സമർപ്പിക്കുവാൻ പാടുള്ളതല്ല.
5. ടെണ്ടർ ഫോറത്തിൽ തുക രേഖപ്പെടുത്തി ഒപ്പു വെച്ച് സീൽ ചെയ്ത കവറിലാക്കി നിശ്ചയിച്ച തീയതിയിക്കും സമയത്തിനും മുമ്പായി ഡി.ടി.പി.സി ഓഫീസിൽ ലഭിക്കേണ്ടതാണ്. കവറിന്റെ പുറത്ത് ഏത് പ്രവൃത്തിയ്ക്കു വേണ്ടിയാണ് എന്ന രേഖപ്പെടുത്തേണ്ടതാണ.
6. കരാറുകാരന് തൽസ്ഥിതിയിലാണ് സാൻഡ്ബാങ്ക്സ് കഫ്റ്റീരിയ & കംഫർട് സ്റ്റേഷൻ നൽകുക. കരാർ ലഭിക്കുന്ന പക്ഷം 3 മാസത്തെ വാടകയ്ക്ക് തുല്യമായതുക സെക്യൂരിറ്റി ഡെപ്പോസിറ്റായി പലിശരഹിത നിക്ഷേപമായി മുൻകൂറായി ഡി.ടി.പി.സിയിൽ ഒടുക്കേണ്ടതാണ്.
7. പ്രതിമാസ വാടക അതാത്മാസം 5-ാം തീയതിക്കുള്ളിൽ ഡി.ടി.പി.സിയിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. വാടകയ്ക്കൊപ്പം നിയമാനുസൃത ജി.എസ്.ടിയും ആദായ നികുതിയും അടക്കേണ്ടതാണ്.
8. പ്രതിമാസവാടക അടക്കാൻ വീഴ്ചവരുത്തുന്ന പക്ഷം 18% വാർഷിക പലിശ ഈടാക്കുന്നതായിരിക്കും. തുടർച്ചയായി ഒരു മാസത്തിൽ കൂടുതൽ വാടക അടക്കാൻ വീഴ്ചവരുത്തുന്ന പക്ഷം യാതൊരുവിധ നിർദ്ദേശവും നൽകാതെ കരാർ നിർത്തലാക്കുന്നതിനുള്ള അധികാരം ഡി.ടി.പി.സിക്ക് ഉണ്ടായിരിക്കും.
9. ലൈസൻ ഫീസ് അടയ്ക്കാത്തത് ഉടമ്പടി റദ്ദാക്കുന്നതിനും കൂടാതെ ലൈസൻസിയുടെ ഭാഗത്തു നിന്നുള്ള അത്തരത്തിലുള്ള വീഴ്ചയുടെ പേരിൽ ഡിടിപിസിക്ക് ഉണ്ടാവുന്ന എല്ലാ വിധ സാമ്പത്തിക നഷ്ടവും സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നുംഈടാക്കുന്നതായിരിക്കും. സെക്യൂരിറ്റിഡെപ്പോസിറ്റ്തികയാത്തപക്ഷംറെവെന്യൂറീക്കവറിക്കുള്ളഅധികാരംഡിടിപിസിക്ക്ഉണ്ടായിരിക്കും

10. സാൻഡ്ബാങ്ക്സ് കഫ്റ്റീരിയ & കംഫർട് സ്റ്റേഷൻ എല്ലാ ദിവസവും തുറന്നു പ്രവർത്തിക്കേണ്ടതും വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

11. പ്രസ്തുത സെന്ററിൽ മദ്യം, മയക്കുമരുന്ന്, സർക്കാർ നിരോധിച്ച മറ്റ്വസ്തുക്കൾ സൂക്ഷിക്കുവാനോ വിൽക്കുവാനോ പാടില്ല

12. കരാർ കാലാവധിക്ക് മുമ്പായി കരാർ നിർത്തലാക്കണമെന്ന് കരാറുകാരന് തോന്നുന്ന പക്ഷം 30 ദിവസം മുമ്പ് ഡി.ടി.പി.സിയിൽ രേഖാമൂലം നോട്ടീസ് നൽകേണ്ടതാണ്.

13. കരാറുകാരന്റെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ എപ്പോൾ വേണമെങ്കിലും കരാർ അവസാനിപ്പിക്കാൻ ഡിടിപിസിക്ക് അധികാരം ഉണ്ടായിരിക്കും

14. സാൻഡ്ബാങ്ക്സ് കഫ്റ്റീരിയ & കംഫർട് സ്റ്റേഷൻ അനുബന്ധമായി ഏതെങ്കിലും താൽക്കാലിക നിർമ്മാണ പ്രവർത്തനം നടത്തേണ്ടി വരികയാണെങ്കിൽ ഡി.ടി.പി.സിയിൽ നിന്നും മുൻകൂട്ടി രേഖാമൂലം അനുവാദം വാങ്ങിയിരിക്കണം. ഇങ്ങനെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഡി.ടി.പി.സിയിൽനിന്നും യാതൊരുവിധ സാമ്പത്തികസഹായവും അനുവദിക്കുന്നതല്ല. ആയതിന് കരാറുകാരന് പിന്നീട് അവകാശം ഉണ്ടായിരിക്കുന്നതുമല്ല.

15. നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നത്കരാർ കാലാവതി നീട്ടി നൽകുന്നതിനുള്ള പരിഗണനയായി കണക്കാക്കില്ല.

16. പ്രവർത്തന കാലാവധി കഴിഞ്ഞ് പ്രസ്തുത സെന്റർ തിരിച്ചേൽപ്പിക്കുമ്പോൾ കഷ്ടനഷ്ടങ്ങൾ ഉണ്ടെങ്കിൽ അതിന് കരാറുകാരൻ ഉത്തരവാദിയായിരിക്കും. മേൽ തുക സെക്യൂരിറ്റി ഡെപോസിറ്റിൽ നിന്നും ഈടാക്കുന്നതായിരിക്കും . സെക്യൂരിറ്റി ഡെപ്പോസിറ്തികയാത്ത പക്ഷം റെവെന്യൂ റീക്കവറിക്കുള്ള അധികാരം ഡിടിപിസിക്ക് ഉണ്ടായിരിക്കും.

17. വൈദ്യുതി ചാർജ് (പ്രത്യേകം മീറ്റർ കരാറുകാരൻ സ്ഥാപിക്കേണ്ടതാണ്)`, വെള്ളക്കരം, കെട്ടിടനികുതി, പഞ്ചായത്തിലോ മറ്റ്`സർക്കാർ വകുപ്പുകളിലോഒടുക്കേണ്ടതായ നികുതികൾ, ലൈസൻസ് ഫീസ് എന്നിവ ഡി.ടി.പി.സിക്കു വേണ്ടി കരാറുകാരൻ തന്നെ ഒടുക്കേണ്ടതാണ്.

18. പ്രസ്തുത സെന്ററിൽ ഗ്രീൻ പ്രോട്ടോകോൾ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇതിനെ കരാർ വീഴ്ചയായി പരിഗണിക്കുന്നതാണ്

19. മുകളിൽ പറഞ്ഞ നിബന്ധനകൾ പാലിക്കപ്പെടേണ്ടതും, എന്നാൽ കൗൺസിലിന്റെ ഉത്തമ താൽപര്യത്തിന് ആവശ്യമായിവരികയാണെങ്കിൽ പുതിയവകൂട്ടിച്ചേർക്കുന്നതി

നോ, നിലവിലുള്ളത് ഭേദഗതിചെയ്യുന്നതിനോ ഡി.ടി.പി.സിക്ക് പൂർണ്ണ അധികാരംഉണ്ടായിരിക്കും.

18. ടെണ്ടർ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമാണ്.

19 കഫെറ്റീരിയയുടെ പ്രവർത്തന സമയം പാർക്കിന്റെ പ്രവർത്തന സമയത്തിനുള്ളിൽ ആയിരിക്കണം

20 ജൈവ –അജൈവ മാലിന്യങ്ങൾ സ്വന്തം ചിലവിൽ സംസ്കരിക്കേണ്ടതാണ്.

21 ടോയ്ലെറ്റിന്റെ ദിനംപ്രതിയുള്ള മെയ്ന്റനൻസ്, ശുചീകരണം, കെമിക്കൽ വാഷ് മുതലായവ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഇതിനെ കരാർവീഴ്ചയായി പരിഗണിക്കുന്നതാണ്. ടോയ്ലറ്റിന്റെ ഫീസ് ഡിടിപിസിയും കരാറുകാരനും തമ്മിലുള്ള പരസ്പര ധാരണയോടുകൂടി നിശ്ചയിക്കാവുന്നതാണ്.

22.ഡിടിപിസിയുടെ സമയസമയങ്ങളിലെ നിർദ്ദേശങ്ങൾ കരാറുകാരൻ നിർബന്ധമായും പാലിക്കേണ്ടതാണ് .അല്ലാത്തപക്ഷം ഇതിനെ കരാർവീഴ്ചയായി പരിഗണിക്കുന്നതാണ്

23. സാൻഡ്ബാങ്ക്സ് കഫ്റ്റീരിയ & കംഫർട് സ്റ്റേഷൻ സമാന രീതിയിൽ മറ്റു ടെണ്ടറുകളിൽ ഏർപ്പെടാൻ ഡിടിപിസിക്ക് അവകാശമുണ്ടായിരിക്കും

24.കരാർ പ്രകാരം നൽകിയ കെട്ടിട മല്ലാതെ മറ്റ്ബീച്ചിലെ മറ്റ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കരാറുകാരന് അധികാരമുണ്ടായിരിക്കുന്നതല്ല.

25കഫെറ്റീരിയയിൽ നിയോഗിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ഡിടിപിസിയിൽ ലഭ്യമാക്കേണ്ടതാണ് .മുൻകാലങ്ങളിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരെ ജോലിക്ക്നിയോഗിക്കാൻപാടുള്ളതല്ല

26.ബാഹ്യകാരണങ്ങളാൽ കരാറുകാരന്നഷ്ടം സംഭവിച്ചാൽ (പ്രകൃതിദുരന്തം ,പകർച്ചവ്യാധി) ഡിടിപിസി കരാറുകാരന്റെ ബാധ്യത ഏറ്റെടുക്കുന്നതല്ല .കൂടാതെ ടെണ്ടർ കാലാവതി നീട്ടി നൽകുന്നതിനുള്ള ഇളവായി ഇതിനെ പരിഗണിക്കുകയും ഇല്ല

27 ടെണ്ടർ വ്യവസ്ഥയിലെ എല്ലാ നിബന്ധനകളും കരാറിൽ ഉൾപ്പെടുന്നതാണ്. ടെണ്ടർ വ്യവസ്ഥയിലെ ലംഘനങ്ങൾ കരാർ ലംഘനമായ്കണക്കാക്കി ടെണ്ടർ പിൻവലിക്കുന്നതിലേക്ക്കാരണമാകുന്നതാണ്

28. സന്ദർശകർക്ക് ഗുണമേന്മയേറിയ മിനറൽ വാട്ടർ ലഭ്യമാക്കാൻ ആവശ്യമായ സൗകര്യം കോഫി ഷോപ്പിൽ ഏർപ്പെടുത്തേണ്ടതാണ്. ഇതിന് നിയമപ്രകാരമുള്ള ചാർജ് ഈടാക്കാവുന്നതാണ്.

29.ഒരു വർഷം കഴിയുബോൾ വാടകയിൽ നിശ്ചിത നിരക്കിലുള്ള വർദ്ധനവോടെ കരാർ പുതുക്കേണ്ടതാണ്.

30. ടെണ്ടർ ഫോറത്തിന്റെ വില യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുന്നതല്ല.
31. ഡിടിപിസി വെബ്സൈറ്റിൽ നിന്നും പ്രിന്റ് എടുക്കുന്ന ഫോമിന്റെ വില ഡിഡി ആയി സമർപ്പിക്കേണ്ടതാണ്

| | | |
|---|---|---|
| സ്ഥലം: | അപേക്ഷകന്റെ പേര് | സെക്രട്ടറി |
| തിയ്യതി: | ഒപ്പ് | ഡിടിപിസി |